പതിമൂന്നാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. **T-3859**

25.06.2013 ൽ മറുപടിയ്ക്ക്

## കശുമാവ് കൃഷി വ്യാപിപ്പിക്കാൻ നടപടി

ചോദ്യം

ശ്രീ. എം. ഉമ്മർ

" അബ്ദുറഹിമാൻ രണ്ടത്താണി

" പി. ഉബൈദുള്ള

" സി. എം. ഉമ്മർ മാസ്റ്റർ

ഉത്തരം

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി

( വ്യവസായവും വിവരസാങ്കേതികവും വകുപ്പ് മന്ത്രി)

(എ) സംസ്ഥാനത്ത് കശുമാവ് കൃഷി വ്യാപിപ്പിക്കാൻ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(എ) കേരളത്തിൽ കശുവണ്ടി വ്യവസായം നേരിടുന്ന പ്രധാന പ്രതിസന്ധിയായ തോട്ടണ്ടിയുടെ ലഭ്യതക്കുറവ് പരിഹരിക്കുക എന്ന ലക്ഷ്യത്തോടെ സ്പെഷ്യൽ ഓഫീസർ (കാഷ്യു) ചെയർമാനായി 2007-ൽ കേരളാ സ്റ്റേറ്റ് ഏജൻസി ഫോർ ദി എക്സ്പാൻഷൻ ഓഫ് കാഷ്യു കൾട്ടിവേഷൻ എന്ന ഏജൻസി രൂപീകരിച്ചിട്ടുണ്ട്. കശുമാവ് കൃഷി കൂടുതൽ സ്ഥലങ്ങളിൽ വ്യാപിപ്പിക്കുന്നതു വഴി തോട്ടണ്ടിയുടെ ആഭ്യന്തര ഉല്പാദനം വർദ്ധിപ്പിക്കുക എന്നതാണ് ലക്ഷ്യം.

കശുമാവ് കൃഷി വികസനത്തിനായി ടി ഏജൻസി താഴെപ്പറയുന്ന പദ്ധതികൾ ഫലപ്രദമായി നടപ്പിലാക്കി.

| | | |
|---|---|---|
| 1 | കശുമാവ്കൃഷി വ്യാപനം | 21000 ഹെക്ടർ |
| 2 | പരമ്പരാഗത കശുമാവിൻ തോട്ടങ്ങളുടെ പുനരുജ്ജീവനം | 75 ഹെക്ടർ |
| 3 | മാതൃകാ കൃഷിത്തോട്ടം | 1 എണ്ണം |
| 4 | ചെറുകിട നഴ്സറികൾ | 15 എണ്ണം |
| 5 | തേനീച്ച വളർത്തൽ | 2000 യൂണിറ്റ് |

| | | |
|---|---|---|
| 6 | പുതിയ ജലസ്രോതസ്സുകൾ | 2 എണ്ണം |
| 7 | സെമിനാറുകൾ | 3 എണ്ണം |
| 8 | പരിശീലന ക്ലാസ്സുകൾ | 210 എണ്ണം |

| | | | |
|---|---|---|---|
| (ബി) | സംസ്ഥാനത്തെ കശുവണ്ടി വ്യവസായാവശ്യത്തിനു വേണ്ടിടത്തോളം കശുവണ്ടി തദ്ദേശീയമായി ഉല്പാദിപ്പിക്കുന്നതിന് ലക്ഷ്യമിട്ടുള്ള പദ്ധതികളേതെങ്കിലും പരിഗണനയിലുണ്ടോ; | (ബി) | ഉണ്ട്. അസംസ്കൃത തോട്ടണ്ടിയുടെ ആഭ്യന്തര ഉല്പാദനം വർദ്ധിപ്പിക്കുക എന്ന ലക്ഷ്യത്തോടെയാണ് സംസ്ഥാന സർക്കാർ കേരളാ സ്റ്റേറ്റ് ഏജൻസി ഫോർ ദി എക്സ്പാൻഷൻ ഓഫ് കാഷ്യൂ കൾട്ടിവേഷൻ (കെ.എസ്.എ.സി.സി.) യുടെ ആഭിമുഖ്യത്തിൽ "ജൈവ കശുമാവ് കൃഷിയും അസംസ്കൃത തോട്ടണ്ടി ബാങ്ക് സ്വരൂപിക്കലും" എന്ന പദ്ധതി നടപ്പിലാക്കി വരുന്നത്. ആഭ്യന്തര ഉല്പാദനം ആവശ്യകതയുടെ പത്ത് ശതമാനത്തിലും താഴെയാണ്. ഈ സാഹചര്യത്തിൽ ആവശ്യമായ കശുവണ്ടി തദ്ദേശീയമായി ഉല്പാദിപ്പിക്കുന്നതിനുള്ള ലക്ഷ്യം ഉടനെ കൈവരിക്കുവാൻ കഴിയുകയില്ല. |
| (സി) | ഇതിനായി കശുമാവ് കൃഷി തോട്ടവിളയായി കണക്കാക്കാനുള്ള നടപടികളായിട്ടുണ്ടോ; കർഷകർക്ക് എന്തൊക്കെ പ്രോത്സാഹനങ്ങളാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കുമോ ? | (സി) | 19/6/2012-ലെ 9207/Leg..B2/2010/Law വിജ്ഞാപനം അനുസരിച്ച് കശുവണ്ടി ഉല്പാദനത്തിന് ഉപയോഗിക്കുന്ന ഭൂമിയെ ഭൂപരിഷ്കരണ നിയമത്തിന്റെ പരിധി സംബന്ധിച്ച വ്യവസ്ഥകളിൽ നിന്നും ഒഴിവാക്കുന്നതിനായി വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. The Kerala Land Reforms (Second Amendment) Act, 2005 (Act 6 of 2012) പ്രകാരം ഒരു ഹെക്ടറിൽ 150 -ൽ കുറയാതെ കശുമാവ് വൃക്ഷങ്ങൾ പ്രധാനമായും കൃഷി ചെയ്തിരിക്കുന്ന ഭൂമിയെ "കാഷ്യൂഎസ്റ്റേറ്റ്" എന്ന് നിർവ്വചിച്ചിട്ടുണ്ട്. |

കർഷകർക്ക് നിലവിൽ നൽകിവരുന്ന പ്രോത്സാഹനങ്ങൾ ചുവടെ ചേർക്കുന്നു

- ഒരു ഹെക്ടർ കശുമാവ് കൃഷി നടപ്പിലാക്കുന്ന കർഷകന് 20000 രൂപ സബ്സിഡി ആയി നൽകി വരുന്നു. ആയത് 60:20:20 എന്ന ക്രമത്തിൽ മൂന്നു വാർഷിക ഗഡുക്കളായാണ് ലഭ്യമാക്കുന്നത്. ഒരു ഹെക്ടർ കൃഷി സ്ഥലത്ത് പരമാവധി 200 കശുമാവ് ഗ്രാഫ്റ്റ് ചെടികളാണ് നട്ടുവളർത്താൻ സാധിക്കുന്നത്. ചെടി ഒന്നിന് 100 രൂപയാണ് 3 വാർഷിക ഗഡുക്കളായി സബ്സിഡി നൽകുന്നത്. ആദ്യത്തെ വർഷത്തെ സബ്സിഡി തുക ലഭ്യമാക്കുമ്പോൾ കശുമാവ് ഗ്രാഫ്റ്റ് ചെടിയുടെ വിലയായ 25 രൂപ കുറച്ചാണ് സബ്സിഡി ലഭ്യമാക്കുന്നത്.
- ജൈവ രീതിയിലുള്ള കൃഷി നടപ്പിലാക്കുന്നതിനായി കർഷകർക്ക് മണ്ണിര കമ്പോസ്റ്റ് ഉൽപ്പാദിപ്പിക്കുന്നതിനായി യൂണിറ്റ് ഒന്നിന് (0.7 ക്യൂബിക് മീറ്റർ വ്യാപ്തം) 1000 രൂപ സബ്സിഡിയായി ലഭ്യമാക്കുന്നു.
- കർഷകരുടെ കൂട്ടായ്മ രൂപീകരിച്ച് കശുമാവ് കൃഷി നടപ്പിലാക്കുന്നതിന് ജലസേചന സൗകര്യം ഒരുക്കുന്നതിന് ഒരു ഹെക്ടറിന് 1 ലക്ഷം രൂപ സബ്സിഡിയായി ലഭ്യമാക്കുന്നു.
- കശുമാവ് തോട്ടങ്ങളിൽ തേനീച്ച കോളനിയും, കൂട്ടുകളും നിർമ്മിക്കുന്നതിനായി യൂണിറ്റ് ഒന്നിന് 800 രൂപ ക്രമത്തിൽ സബ്സിഡി ലഭ്യമാക്കുന്നു.

Ponadri

**സെക്ഷൻ ഓഫീസർ**